# Sree Padmanabha Swamy Temple

Mathilakam Office, Ulsavamadom Building, North Nada,
Fort (PO), Thiruvananthapuram-695023
0471 2450 233, 2450 031, 93872 59877
www.spst.in
eospsttvpm@gmail.com | mathilakamofficespst@gmail.com


NO.C.1/SPST/2024/4309

27.12.2024

## ക്വട്ടേഷൻ നോട്ടീസ്

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ 2025ാം മാണ്ട് ജനുവരി മാസം 10 ാം തീയതി നടക്കാനിരിക്കുന്ന സ്വർഗ്ഗവാതിൽ ഏകാദശി ദിവസം എത്തുന്ന അഭൂതപൂർവ്വമായ ഭക്തജനത്തിരക്ക് കണക്കിലെടുത്ത് താഴെ വിവരിക്കും പ്രകാരം ഏകദേശം 700 മീററർ നീളവും, എട്ട് അടി പൊക്കമുള്ള മേൽക്കൂരയും, നാലരയടിയിൽ കുറയാത്ത പൊക്കമുള്ള ഇരുമ്പ് ബാരിക്കേടുകൾ ക്ഷേത്രത്തിന്റെ അകത്തും, പുറത്തുമായി വിവിധ ഭാഗങ്ങളിൽ താൽക്കാലികമായി പണിയുന്നതിനായി ടെണ്ടർ ക്ഷണിച്ചു കൊള്ളുന്നു.

1. ക്ഷേത്രത്തിന്റെ പുറത്ത് വടക്ക് വശത്ത് നിന്നാരം ഭിച്ച് പടിഞ്ഞാറേ നട വരെ ക്ഷേത്ര മതിലിനോട് ചേർന്ന് ഒരു വശത്തെ ക്യൂ ബാരിക്കേട് സംവിധാനം. ഇതിൽ അനന്തൻ കാട് ക്ഷേത്രം മുതൽ പടിഞ്ഞാറേ നട വരെ മേൽക്കൂര കൂടി ഏർപ്പെടുത്തേണ്ടതാണ്.
2. ക്ഷേത്രത്തിന്റെ പുറത്ത് പടിഞ്ഞാറ് വശത്ത് നിന്നാരംഭിച്ച് തെക്കേനട വരെ ക്ഷേത്ര മതിലിനോട് ചേർന്ന് ഒരു വശത്തെ മേൽക്കൂരയോടു കൂടിയ ക്യൂ ബാരിക്കേട് സംവിധാനം.
3. ക്ഷേത്രത്തിനകത്ത് തെക്കേനട മുതൽ ശീവേലിപ്പുര വരെയും, പടിഞ്ഞാറേ നട മുതൽ ശീവേലിപ്പുര വരെയും രണ്ട് വശങ്ങളിലുമുള്ള ക്യൂ ബാരിക്കേട് സംവിധാനം.
4. ക്ഷേത്രത്തിനകത്ത് പടിഞ്ഞാറേ മുററത്ത് നിന്നാരംഭിച്ച് കുലശേഖര മണ്ഡപം വരെ മേൽക്കൂരയോടു കൂടിയ ക്യൂ ബാരിക്കേട് സംവിധാനം.
5. ക്ഷേത്രത്തിനകത്ത് ശാസ്താം കോവിലിന്റെ മുൻ വശത്ത് മേൽക്കൂരയോടു കൂടിയ ക്യൂ ബാരിക്കേട് സംവിധാനം.
6. ഇപ്രകാരം സ്ഥാപിക്കുന്ന ബാരിക്കേടും , മേൽക്കൂരയും അതേ സ്ഥിതിയിൽ ജനുവരി മാസം 20 ാം തീയതി വരെ നിലനിർത്തേണ്ടതും അതിനു ശേഷം പൊളിച്ചു മാറേറണ്ടതുമാണ്.
7. മേൽ വിവരിച്ച നിർമ്മാണത്തിനായുള്ള സാധന സാമഗ്രഹികൾ കൊണ്ടു വരുന്നതും, പണിക്കൂലിയും സംബന്ധിച്ച ചിലവ് കോൺട്രാക്ടർ നിർവ്വഹിക്കേണ്ടതാണ്.
8. പ്രസ്തുത പണികൾ നിർവ്വഹിക്കുന്നവർ നിർബന്ധമായും ഹിന്ദു മതസ്ഥരായിരിക്കണം.

പ്രസ്തുത ജോലി എത്ര രൂപ പ്രതിഫലം പററി കൊണ്ട് പണി തീർക്കാമെന്ന് കാണിച്ച് ക്വട്ടേഷൻ സമർപ്പിക്കാൻ താൽപ്പര്യമുള്ളവർ 06.01.2025 രാവിലെ 11.00 മണിയ്ക്കകം ക്ഷേത്ര ഓഫിസിൽ സ്ഥാപിച്ചിട്ടുള്ള ടെണ്ടർ ബോക്സിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്. ജി.എസ്.ററി ഉൾപ്പെട്ട തുക ആയിരിക്കണം ക്വാട്ട് ചെയ്യേണ്ടത്. നിയമാനുസൃതമായ ഇൻകംടാക്സ് തുക കുറവ് വരുത്തുന്നതുമായിരിക്കും. ലഭിക്കുന്ന ക്വട്ടേഷൻ അന്നേദിവസം രാവിലെ 11.30

മണിയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ചവരിൽ അപ്പോൾ ഹാജരായിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതായിരിക്കും. പരിശോധനയിൽ ഏററവും കുറഞ്ഞ തുകയ്ക്കുള്ള ക്വട്ടേഷൻ അംഗീകരിക്കുന്നതും സമർപ്പിച്ചയാളിന് വർക്ക് ഓർഡർ നൽകുന്നതുമായിരിക്കും. വർക്ക് ഓർഡർ ലഭിച്ചയാൽ 09.01.2025 വൈകുന്നേരം 5.00 മണിയ്ക്കു മുൻപ് പണിപൂർത്തീകരിച്ചിരിക്കണം. ക്വട്ടേഷനുകൾ സ്ഥിരപ്പെടുത്താനോ, നിരസ്സിക്കാനോ ഉള്ള അധികാരം എക്സിക്യുട്ടീവ് ഓഫീസർക്കായിരിക്കും.

ക്വട്ടേഷൻ സമർപ്പിക്കുന്ന സീൽഡ് കവറിന് പുറത്ത് **"ബാരിക്കേടുകൾ നിർമ്മിക്കുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്

എക്സിക്യൂട്ടീവ് ഓഫീസർ

KKB

പകർപ്പ്- എ.ഓ, എ.എഫ്.ഓ, മാനേജർ, അസി:അക്കൗണ്ട്സ് ഓഫീസർ, ആഡിററ്, സിസ്റ്റം ഓഫിസർ, സി 3 സെക്ഷൻ, നോട്ടീസ് ബോർഡ്, വെബ് സൈററ്, നാലുനടയിലും, സ്റ്റോക്ക് ഫയൽ.